## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1353 — 06.02.2020- ൽ മറുപടിയ്ക്ക്

**കട്ടമ്പുഴ വില്ലേജിലെ ഹിൽമെന്റ് സെറ്റിൽമെന്റ്**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ വില്ലേജിൽ ഉൾപ്പെടുന്ന മണികണ്ഠംചാൽ, കല്ലേലിമേട് പ്രദേശങ്ങൾ റീസർവ്വെയ്ക്ക് ശേഷം തയ്യാറാക്കിയിട്ടുള്ള ലിത്തോമാപ്പിൽ ഹിൽമെന്റ് സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത പ്രദേശങ്ങളിൽ നിലവിൽ ഒരു ട്രൈബൽ കുടുംബം പോലും താമസമില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) 01.01.1977 ന് മുമ്പായി ഇവിടെ കുടിയേറി കൃഷി ചെയ്ത് താമസിച്ചു വരുന്നവർക്ക് ജോയിന്റ് വേരിഫിക്കേഷൻ കഴിഞ്ഞിട്ടും പ്രസ്തുത പ്രദേശം ഹിൽമെന്റ് സെറ്റിൽമെന്റ് എന്ന് കിടക്കുന്നതിനാൽ പട്ടയം ലഭ്യമാകാത്ത സാഹചര്യത്തിൽ ഹിൽമെന്റ് സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) ടി പ്രദേശത്ത് കൈവശക്കാർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ടി വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള ഡബ്ല്യൂ.പി (സി) 8083/18 നമ്പർ കേസിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും 07.06.2018 തീയതിയിൽ ബഹു.വനം, റവന്യൂ വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽ ചേർന്ന യോഗത്തിൽ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതനുസരിച്ച് ഇക്കാര്യത്തിലുള്ള തുടർ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |

Indu.S.S

സെക്ഷൻ ഓഫീസർ